# 6

# “ദൈവമേ, ഞങ്ങൾ ജയിച്ചിരിക്കയാൽ നന്ദി!”

പുതിയനിയമപുസ്തകങ്ങൾക്കെല്ലാം അതിന്റേതായ കാഴ്ച്ചപ്പാടുകളുണ്ട്. സജീവമായ ക്രിസ്ത്യാനിത്വത്തെയാണ് പ്രവൃത്തികളുടെ പുസ്തകം എടുത്തുകാണിക്കുന്നത്. ഫിലിപ്പിയ ലേഖനം വ്യക്തമാക്കുന്നത് സന്തോഷകരമായ ക്രിസ്ത്യാനിത്വത്തെയാണ്. പ്രായോഗിക ക്രിസ്ത്യാനിത്വത്തെയാണ് യാക്കൊബിന്റെ ലേഖനത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്. *വിജയകര*മായ ക്രിസ്ത്യാനിത്വമാണ് വെളിപ്പാട്പുസ്തകത്തിന്റെ വിഷയം!

വെളിപ്പാട് പുസ്തകത്തിലെ ഇരുപത്തി - രണ്ട് അദ്ധ്യായങ്ങളിൽ പതിനേഴ് പ്രാവശ്യം “വിജയം” എന്ന വാക്കിന് വേണ്ടിയുള്ള ഗ്രീക്ക് വാക്കിന്റെ ക്രിയാരൂപമായ *നികായോ* ഉപയോഗിച്ചിട്ടുണ്ട്. പൊതുവിൽ *നികായോ* തർജിമ ചെയ്തിരിക്കുന്നത് “തരണം ചെയ്യുക,” “കീഴടക്കുക,” അല്ലെങ്കിൽ “നിജയകരമായി” [രിക്കുക]. അദ്ധ്യായം 5-ൽ; യേശുവിനെ “ജയിക്കുന്നവൻ” എന്നാണ് (വാ. 5), കണ്ടെണ്ടപ്രറി ഇംഗ്ലീഷ് വെർഷൻ പറയുന്നത് അവൻ “വിജയം കൈവരിച്ചു” എന്നാണ്. “അതായത്, അവൻ ഏതാനും വിജയം നേടിക്കഴിഞ്ഞു. 6:2-ൽ വായിക്കുന്നത്, ഇനിയും കൂടുതൽ വിജയത്തിനായി അവൻ പോയി എന്നർത്ഥം.” (സിഇൗവി). “ക്രിസ്ത്യാനികൾ, കുഞ്ഞാടിന്റെ രക്തത്താൽ [സാത്താനെ] ജയിച്ചു” എന്നാണ് അദ്ധ്യായം 12-ൽ നമ്മോട് വിവരിക്കുന്നത് (വാ. 11). സിഇൗവിയിൽ “നമ്മുടെ ആളുകൾ സാത്താനെ തോൽപിച്ചു” എന്നാണ്. അദ്ധ്യായം 15-ൽ സഭ ദൈവസന്നിധിയിൽ വിജയിയായി നിൽക്കുന്നതായി യോഹന്നാൻ പ്രതിപാദിക്കുന്നു: ‘‘മൃഗത്തെ *ജയിച്ചു*വന്നവരെ, ... ഞാൻ കണ്ടു ...” (വാ. 2; എംഫസിസ് മൈൻ). വെളിപ്പാട് പുസ്തകത്തിലെ സന്ദേശം “ഞങ്ങൾ ജയിച്ചിരിക്കുന്നു! ദൈവമേ, ഞങ്ങൾ ജയിച്ചതിൽ നിനക്ക് നന്ദി!” എന്നാണെന്ന് ആരോ പറയുകയുണ്ടായി.

ഈ, അവസാന പശ്ചാത്തലപാഠത്തിൽ, വിജയത്തിന്റെ സന്ദേശവും അതിനെ വെളിപ്പാട് പുസ്തകത്തിൽ എങ്ങനെ വികസിപ്പിക്കുന്നു എന്നുമാണ് നാം നോക്കുന്നത്.

## ചർച്ച ചെയ്ത സന്ദേശം

### മൂന്ന് - ഭാഗമുള്ള ഒരു സന്ദേശം

വെളിപ്പാട് പുസ്തകത്തിലെ വിജയസന്ദേശത്തിന് മൂന്ന് ഭാഗങ്ങളാണുള്ളത്:

(1) നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം (“*രണ്ടു സാക്ഷികളുടെ*” ചിത്രീകരണം നോക്കുക).

(2) നന്മയുടെ സ്പഷ്ടമായ പരാജയം[1] (“*അവരുടെ മൃതശരീരങ്ങൾ വീഥികളിൽ കിടക്കും ...*” എന്ന ചിത്രീകരണം നോക്കുക).

(3) നന്മയുടെ അന്ത്യവിജയം (“*അവർ മേഘത്തിൽ സ്വർഗത്തിലേക്ക് പോയി ...*” എന്ന ചിത്രീകരണം നോക്കുക).

മൂന്നു ഭാഗങ്ങളുള്ള ഈ സന്ദേശത്തിന്റെ ചിത്രീകരണത്തിന്, അദ്ധ്യായം 11 ലെ രണ്ടു സാക്ഷികളുടെ സംഭവം നോക്കുക. ആദ്യം, ദൈവസന്ദേശം പ്രഖ്യാപിക്കുമ്പോൾ, നന്മയും തിന്മയും തമ്മിൽ പോരാടുന്നു (വാ. 3–6).

ആഴത്തിൽ നിന്നു വന്ന മൃഗം രണ്ടു സാക്ഷികളുമായി യുദ്ധം ചെയ്യുകയും, നന്മ സ്പഷ്ടമായും പരാജയപ്പെടുന്നതായി തോന്നുകയും ചെയ്തു:

> ആഴത്തിൽനിന്ന് ... കയറിവരുന്ന മൃഗം അവരോട് പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും. അവരുടെ ശവങ്ങൾ വീഥികളിൽ കിടക്കും ... സകലവംശക്കാരും ഗോത്രക്കാരും ഭാഷക്കാരും അവരുടെ ശവം മൂന്നര ദിവസം കാണും, അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല ... ഭൂവാസികൾ അവർനിമിത്തം സന്തോഷിക്കയും അന്യോന്യം സമ്മാനം കൊടുക്കയും ചെയ്യും ... (വാ. 7–10).

അവസാനം, നാം നന്മയുടെ അന്തിമ വിജയം കാണും:

> മൂന്നാം ദിവസം കഴിഞ്ഞശേഷം, ദൈവത്തിൽനിന്ന് ജീവശ്വാസം അവരിൽ വന്നു, അവർ കാൽ ഊന്നി നിന്നു. അവരെ കണ്ടവർ ഭയപരവശരായിതീർന്നു. "ഇവിടെ കയറിവരുവിൻ" എന്ന് സ്വർഗത്തിൽനിന്ന് ഒരു മഹാശബ്ദം പറയുന്നത് കേട്ടു, അവർ മേഘത്തിൽ സ്വർഗത്തിലേക്ക് കയറി. അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു. ആ നാഴികയിൽ വലിയോരു ഭൂകമ്പമുണ്ടായി ... ; നഗരത്തിൽ പത്തിലൊന്ന് ഇടിഞ്ഞുവീണു, ഭൂകമ്പത്തിൽ ഏഴായിരം പേർ മരിച്ചുപോയി ... (വാ. 11–13).

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് വേണ്ട മൂന്നു - ഭാഗങ്ങളുള്ള സന്ദേശത്തിന് അമിതമായ ഊന്നൽ കൊടുപ്പാൻ സാധ്യമല്ല. റോമിന്റെ അമിതമായ ശക്തി അവർക്ക് നേരെ തിരിഞ്ഞിരുന്നു. "ഓരോ ദിവസവും ക്രിസ്ത്യാനികളെ കൊന്നുകൊണ്ടിരിക്കയായിരുന്നു"; "അറുക്കുവാൻ കൊണ്ടുപോകുന്ന ആടുകളെ പോലെ" അവരെ കണക്കാക്കി (റോമർ 8:36). മാനഹാനി വരുത്തുന്ന പരാജയമാണെന്ന് വ്യക്തമായും തോന്നി; ക്രിസ്ത്യാനികളുടെ മരണം ഒഴിച്ചുകൂടാനാവാത്തതായി തോന്നി. *എന്തെല്ലാം* സംഭവിച്ചാലും, ദൈവമാണ് നിയന്ത്രിക്കുന്നതെന്ന സന്ദേശം ദൈവജനത്തിന് അത്യന്താപേക്ഷിതമായിരുന്നു. അവസാനം, അവർ വിശ്വസ്തരായി നിലനിന്നാൽ, അവർ വിജയിക്കുന്ന വശത്തായിരിക്കും!

ആ സന്ദേശം ഇന്നും ആവശ്യമാണ്. വളരെ കാലം മുൻപല്ല, കിഴക്കൻ യൂറോപ്പിൽ മത സ്വാതന്ത്ര്യം അടിച്ചമർത്തിയത്. അവിടെയുള്ള ക്രിസ്ത്യാനികൾ, ആ തലതിരിഞ്ഞ സംഭവങ്ങൾക്കിടയിൽ വിഷമിക്കുകയുണ്ടായി. അവർ എതിർത്തുകൊണ്ടിരിക്കുന്നു, "എങ്ങനെ ഇതെല്ലാം സംഭവിക്കുന്നു, എന്നോർത്ത്, ദൈവത്തിൽ സമർപ്പിച്ച് ഞങ്ങളെല്ലാം പ്രാർത്ഥിച്ചു?" ഈ ലോക ജീവിതത്തിൽ ചിലപ്പോൾ തിന്മയുടെ ശക്തികൾ ജയിക്കുന്നതായി തോന്നുമെന്ന് അവർ മനസിലാക്കണം - *എന്നാൽ അവസാനം* നന്മയുടെ ശക്തി തന്നെ ജയിക്കും.

ഇന്ന് മതസ്വാതന്ത്ര്യം അനുഭവിക്കുന്ന രാജ്യങ്ങളിലും വെളിപ്പാട് പു

സ്തകത്തിലെ സന്ദേശം ആവശ്യമാണ്. ധാർമ്മികനിലവാരം കുറയുകയും, അക്രമങ്ങൾ പെരുകുകയും ചെയ്ത്, സമൂഹത്തിന്റെ അടിത്തറ ഇളകിക്കൊണ്ടിരിക്കുമ്പോൾ, നാം ഉൽക്കണ്ഠപ്പെടും. നിരുൽസാഹത്തിനെതിരായി നാം സൂക്ഷിച്ചില്ലെങ്കിൽ, പലതും ഉപേക്ഷിച്ച്, ആവശ്യമില്ലാത്തത് സ്വീകരിച്ചുപോകും. ഏതൊരു തിന്മയും സ്പഷ്ടമായി വിജയിക്കുന്നു എന്ന് തോന്നിയാലും, അത് *താല്ക്കാ - ലികമാണെന്ന്* തിരിച്ചറിയണം! അവസാനം, നന്മ വിജയിക്കും!

മർമ്മങ്ങൾ വായിക്കുന്ന അസാധാരണസമീപനമുള്ള ഒരാളെ എനിക്ക് അറിയാം. എങ്ങനെ ആ മർമ്മം പരിഹരിക്കപ്പെടുമെന്നറിയുവാൻ അയാൾ ആദ്യം പുസ്തകത്തിന്റെ *അവസാനം* വായിക്കും. പുസ്തകം എങ്ങനെ അവസാനിക്കുന്നു എന്ന് ആദ്യം തന്നെ അറിയുവാൻ നമ്മിൽ അധികം പേർക്കും താൽപര്യമുണ്ടായിരിക്ക*യില്ല.* പുസ്തകം വായിച്ചുകഴിഞ്ഞവരോട് നാം പറയും, "ദയവായി അതെങ്ങനെ അവസാനിക്കുന്നു എന്ന് പറയരുത്." അതിൽനിന്ന് വ്യത്യസ്തമായി, നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിൽ "അവസാനം എന്തായിരിക്കുമെന്ന്" അറിയു*വാൻ* നാം ആഗ്രഹിക്കുന്നു - അങ്ങനെയാണ് ദൈവം തിരുവെഴുത്തിലെ പുസ്തകം അവസാനിപ്പിച്ചിരിക്കുന്നത്. എനിക്ക് അറിയാവുന്ന മറ്റൊരാൾ പറഞ്ഞു, "ഞാൻ ബൈബിളിന്റെ അവസാനം നോക്കി, എന്താണെന്ന് ഊഹിക്കുക? നാം ജയിക്കുന്നു!"

## ആവർത്തിച്ചുള്ള ഒരു സന്ദേശം

വെളിപ്പാട് പുസ്തകത്തിലെ സന്ദേശം നമുക്ക് നഷ്ടപ്പെടാതിരിക്കുവാൻ, പരിശുദ്ധാത്മവ് - അത് വീണ്ടും വീണ്ടും ആവർത്തിച്ച് നൽകുന്നു - ചുരുങ്ങിയത് ഏഴ് പ്രാവശ്യം.

പണ്ട്, പലരും വെളിപ്പാട് പുസ്തകം കാലാനുക്രമത്തിൽ വ്യാഖ്യാനിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ കാലാനുക്രമം പാലിക്കാത്ത പുസ്തകത്തിലെ ഭാഗങ്ങൾ വരുമ്പോൾ അവർ പ്രതിസന്ധിയിലാകുന്നു. ഉദാഹരണത്തിന്, അദ്ധ്യായം 12-ൽ "സൂര്യനെ അണിഞ്ഞോരു സ്ത്രീ" (വാ. 1) അവൾ, "സകല ജാതികളെയും ഇരുമ്പ്കോൽകൊണ്ട് മേയ്പാനുള്ള, ഒരു ആൺകുട്ടിയെ പ്രസവിച്ചു" (വാ. 5). സങ്കീർത്തനം രണ്ടിൽ പറയുന്നതാണ് "സകലജാതികളെയും ഇരുമ്പ്കോൽ കൊണ്ട് മേയ്ക്കുക എന്നത്" പുതിയനിയമ എഴുത്തുകാർ ആ ഭാഗം മശിഹയെ കുറിച്ച് പറയുന്നതായി ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 13:33; എബ്രായർ 1:5; 5:5). തീർച്ചയായും, യേശുവിന്റെ ജനനത്തെ കുറിച്ചാണെന്ന് തോന്നുന്നു 12:5 വ്യക്തമാക്കുന്നത്, എന്നാൽ വെളിപ്പാട് പുസ്തകം കാലാനുക്രമത്തിലാണ് പറയുന്നതെങ്കിൽ യേശുവിന്റെ ജനനം പറയുവാൻ പകുതിവരെ കാത്തിരിക്കേണ്ടതെന്തുകൊണ്ട്?

കൂടാതെ, അവിടവിടെ പുസ്തകത്തിൽ മുമ്പോട്ടും പുറകോട്ടും ചാടുന്നുണ്ട്. ഉദാഹരണമായി, ദുഷ്ടനഗരമായ ബാബേലിനെ കൈകാര്യം ചെയ്യുന്നത്. മുൻപ് സംഭവിച്ചുകഴിഞ്ഞതാണെങ്കിലും ബാബേലിന്റെ പതനത്തെ കുറിച്ച് അദ്ധ്യായം 14 ലാണ് പറയുന്നത്, എന്നാൽ വാസ്തവത്തിൽ ബാബേലിനെ പരിചയപ്പെടുത്തുന്നത് അദ്ധ്യായം 18 ലാണ്. ചരിത്രത്തിൽ തീർച്ചയായും സംഭവിച്ച കാര്യങ്ങൾ വീണ്ടും വീണ്ടും സ്പഷ്ടമാക്കുന്നത് ഉദാഹരണമായി പറയാം. ആർ. സി. എച്ച്. ലെൻസ്കി നിരീക്ഷിച്ചു, "വെളിപ്പാടിൽ ഏഴ് വ്യത്യസ്ത സ്ഥലങ്ങളിൽ ലോകാവസാനത്തെ കുറിച്ച് പറയുന്നുണ്ട്: 6:12-17; 7:9-17; 11:18;

14:4–20; 16:17–21; 19:11–21; 20:7–15."[2]

വെളിപ്പാടിലെ മുമ്പോട്ടും - പുറകോട്ടും - എന്നതും ഇവിടെയും - അവിടെയും - എന്നതുമായ സമീപനത്തെ നാം എങ്ങനെ വിശദമാക്കും? "ഒരേ കാലയളവിൽ ഒരേ സംഭവങ്ങൾ, വ്യത്യസ്തവശങ്ങളിൽകൂടെ വ്യത്യസ്തഭാഗങ്ങളിൽ പുസ്തകം പറയുന്നു എന്നു തോന്നുന്നതാണ്," ആദ്യ വിശദീകരണം."[3] ക്രിസ്തുവിന്റെ ഒന്നാം വരവ് മുതൽ രണ്ടാംവരവ് വരെയുള്ള [ക്രിസ്തീയ] കാലം മുഴുവനും അടങ്ങുന്ന "സമാന്തരമായുള്ള ഓരോ ഭാഗങ്ങളും" അടങ്ങുന്നതാണ് വെളിപ്പാട് "എന്ന് വില്യം ഹെൻഡ്രിക്സൺ പറയുകയുണ്ടായി."[4]

താഴ്വരകളിൽകൂടെയും പർവ്വതങ്ങളിൽകൂടെ നടന്ന് (ഏറ്റവും ഉയർന്ന) കൊടുമുടിലെത്തുന്ന യാത്രയായിരിക്കാം വെളിപ്പാട്. നാം പുസ്തകത്തിൽ കൂടെ കടന്നുപോകുമ്പോൾ, അധികസമയവും, പരീക്ഷണങ്ങളും എതിർപ്പുകളും നേരിട്ട്, താഴ്വരയിൽകൂടെയായിരിക്കും നടക്കുന്നത്. എങ്ങനെയായാലും, ഓരോ സമയത്ത് പർവ്വതത്തിൽ നിൽക്കുവാൻ അനുവദിക്കുമ്പോൾ, നമുക്ക് മഹത്വത്തിന്റെ കിരണം കാണുവാൻ കഴിയും. അങ്ങനെ തുടരുവാൻ നമ്മെ പ്രചോദിപ്പിക്കുന്നു.



*ഓരോഭാഗത്തും* അടിസ്ഥാനമായി നമുക്ക് ഒരേ സന്ദേശമാണുള്ളത്: (1) നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം, (2) നന്മയുടെ സ്പഷ്ടമായ പരാജയം, (3) നന്മയുടെ അന്തിമമായ വിജയം.

### ഏകീകൃതമായ സന്ദേശം

വെളിപ്പാട് പുസ്തകം പല ഭാഗങ്ങളായി സംയോജിപ്പിച്ചതാണെങ്കിലും, അവ ഒറ്റപ്പെട്ട യൂണിറ്റുകളാണെന്ന് ധരിക്കരുത്. പരസ്പരം ബന്ധമില്ലാത്ത ഭാഗങ്ങളാണ്, വെളിപ്പാടിൽ ഉള്ളതെന്ന തെറ്റിദ്ധാരണ ഒറ്റ നോട്ടത്തിലുണ്ടാകാം; എന്നാൽ നിങ്ങൾ തുടർന്ന് പഠിക്കുമ്പോൾ പുസ്തകത്തിന്റെ സന്ദേശത്തിൽ അത്ഭുതകരമായ യോജിപ്പ് കാണാം.

ആ ഐക്യത ഒരുവിധത്തിൽ കൈവരിക്കുന്നത്, പുസ്തകം പുരോഗമിക്കുന്നതോടെ വികസിക്കുന്ന വിഷയങ്ങളാലാണ്. ഉദാഹരണത്തിന്, *യാഗപീഠത്തിൻ* കീഴിൽ കാണുന്ന വിശുദ്ധരെ (രക്തസാക്ഷികൾ) കുറിച്ചുള്ള വിഷയങ്ങൾ, പരിഗണിക്കുക. ആ വിശുദ്ധന്മാരെ 6:9–11–ൽ പറയുന്നുണ്ട്, അവിടെ അവർ പ്രതികാരത്തിനായി നിലവിളിക്കുന്നു, "ഓ കർത്താവേ, എത്രത്തോളം ..." (വാ. 10). 8:3–5–ൽ, ഒരു ദൂതൻ വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ സഗന്ധദ്രവ്യം ചേർക്കുകയും, *യാഗപീഠത്തിൽനിന്ന്* തീ എടുത്ത് ഭൂമിയിലേക്ക് എറിയുകയും, പ്രതികാരം ആരംഭിക്കയും ചെയ്തു. 14:7–20–ൽ, ഒരു ദൂതൻ *യാഗപീഠത്തിൽനിന്ന്* വന്ന് (പ്രതികാരത്തിന്റെ) അരിവാൾ ഭൂമിയിലേക്ക് എറിയുവാൻ കല്പിച്ചു; പിന്നെ രക്തം ഒഴുകുവാൻ തുടങ്ങി. അവസാനം, 16:5–7–ൽ, വിശുദ്ധന്മാരെ കൊന്നവരെ ശിക്ഷിക്കുന്നതിനോട്

യോജിക്കുന്ന ഒരു ശബ്ദം *യാഗപീഠത്തിൽനിന്ന്* കേട്ടു: "അവർ യോഗ്യർ!" (വാ. 6 നോക്കുക.)

അടുത്ത രണ്ടു പുസ്തകങ്ങളിൽ നാം കാണുവാൻ പോകുന്നതുപോലെ, വെളിപ്പാട് പുസ്തകത്തിലെ പല വിഷയങ്ങളും അദ്ധ്യായം 2 ലും 3 ലും ഏഴ് സഭകൾക്ക് ലേഖനം എഴുതുമ്പോൾ വിവരിക്കുന്നുണ്ട്.

### സന്ദേശം അഭിവൃദ്ധിപ്പെട്ടു

മൂന്നു ഭാഗങ്ങളുള്ള വെളിപ്പാടിലെ വിജയത്തിന്റെ സന്ദേശം ഓർമ്മിച്ചുകൊണ്ട്, നമുക്ക് പുസ്തകത്തിന്റെ ബാഹ്യരൂപം നോക്കി പെട്ടെന്ന് പുസ്തകസന്ദർശനം നടത്താം.

### ലളിതമായ ഒരു ബാഹ്യരൂപം

ഓരോന്നിലും പതിനൊന്നോ മറ്റോ - ആയി തുല്യമായി ഭാഗിച്ച് പുസ്തകത്തെ രണ്ടായി ഭാഗിക്കാമെന്ന് മിക്കവാറും എല്ലാ വ്യാഖ്യാതാക്കളും സമ്മതിക്കും.[5] അദ്ധ്യായം 12 ഭാഗിക്കാവുന്ന ഒന്നാണെന്ന് തോന്നുന്നു കാരണം (മുൻപ് പറഞ്ഞതുപോലെ) ആ അദ്ധ്യായം യേശുവിന്റെ ജനന വിവരണത്തോടുകൂടി വീണ്ടും സംഭവങ്ങൾ ഓരോന്നായി തുടങ്ങുകയാണെന്ന് തോന്നുന്നു.

നേരെ മറിച്ച്, രണ്ട് മുഖ്യപിരിവുകളെ ഉപപിരിവുകളാക്കി എങ്ങനെ ഭാഗിക്കാമെന്ന കാര്യത്തിൽ യോജിപ്പ് നാം കാണുന്നില്ല. കട്ടിയുള്ള പല ഭാഗങ്ങളും നോക്കേണ്ടതായിട്ടുണ്ട്: ഏഴു സഭകൾക്കുള്ള എഴുത്തുകൾ (2; 3), ഏഴ് മുദ്രകളുള്ള പുസ്തകം (4–7), ഏഴ് കാഹങ്ങൾ (8–11), ഏഴ് ക്രോധപാനപാത്രങ്ങൾ (15; 16). ആ ഭാഗങ്ങളെല്ലാം ഒരുവിധത്തിൽ ഒരു ബാഹ്യരൂപരേഖയാക്കാവുന്ന വിധം ഇതാ:

I. ക്രിസ്തു ഏഴ് സഭകളുടെ മദ്ധ്യേ (1–3).
II. ഏഴ് മുദ്രകളോടുകൂടിയ പുസ്തകം (4–7).
III. ഏഴ് കാഹള നാദം (8–11).
IV. സഭയുടെ ശത്രുക്കളെ പരിചയപ്പെടുത്തൽ (12–14).
V. ഏഴ് ക്രോധ പാനപാത്രം (15; 16).
VI. സഭയുടെ മിക്ക ശത്രുക്കളുടേയും നാശം (17–19).
VII. മഹാ സർപ്പത്തിന്റെ നാശവും തുടർന്ന് പുതിയ ആകാശവും പുതിയ ഭൂമിയും (20–22).

പല കാരണങ്ങൾകൊണ്ടും എനിക്ക് ഈ ബാഹ്യരൂപ ഇഷ്ടമാണ്. പുസ്തകത്തിൽ ഏഴ് മുഖ്യ സംഖ്യയായി വന്നിരിക്കയാലും, അതിന് ഏഴ് ലളിതമായ, പിരിവുകൾ ഉള്ളതിനാലുമാണ്. മൂന്ന് പിരിവുകൾ പുസ്തകത്തിന്റെ ആദ്യപകുതിയിൽ വന്നിട്ടുണ്ട്, നാല് പിരിവുകൾ പുസ്തകത്തിന്റെ പിന്നീടുള്ള ഭാഗത്തും വന്നിട്ടുണ്ട്. വെളിപ്പാടിലെ സ്വഭാവവിശേഷതയായ നാലും മൂന്നുമായ കൂട്ടമായിട്ടാണ് ഏഴിനെ ഭാഗിച്ചിരിക്കുന്നത്. വായനക്കാരനെ പ്രോൽസാഹിപ്പിച്ച് "പർവ്വതശിഖരത്തിൽ" എത്തിക്കുന്നതാണ് ഓരോ പിരിവും. ഈ ബാഹ്യരൂപ നിങ്ങൾ ഓർമ്മിച്ചിരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരിക്കൽ നിങ്ങൾ അങ്ങനെ ചെയ്താൽ, വിവിധഭാഗങ്ങളിലെ മുഖ്യപ്രേ

ായിന്റുകൾ നിങ്ങൾക്ക് തൽസ്ഥാനത്ത് വെക്കുവാൻ കഴിയും.

**പൊതുവായ ചുരുങ്ങിയ അവലോകനം**

ഇനി നിങ്ങളെ പെട്ടെന്ന് വെളിപ്പാട് പുസ്തക സന്ദർശനത്തിലേക്ക് കൊണ്ടുപോകട്ടെ. മൂന്ന് ഭാഗങ്ങളുള്ള സന്ദേശം എങ്ങനെ വീണ്ടും വീണ്ടും ആവർത്തിച്ചിരിക്കുന്നു എന്ന് പ്രത്യേകം ശ്രദ്ധിക്കുക:

I. ക്രിസ്തു ഏഴ് സഭകളുടെ മദ്ധ്യേ (1–3). അദ്ധ്യായം 1-ൽ ഏഴ് നിലവിളക്കുകളുടെ മദ്ധ്യേ നടക്കുന്ന ക്രിസ്തുവിന്റെ ദർശനം നമുക്ക് ഉണ്ട്, നിലവിളക്കുകൾ സഭകളാണെന്ന് പറഞ്ഞിട്ടുണ്ട്. ഏഴ് സഭകൾക്കുള്ള എഴുത്തുകളാണ് അദ്ധ്യായം 2 ഉം 3 ഉം. ആ എഴുത്തുകൾ നാം വായിക്കുമ്പോൾ, നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം നമുക്ക് വ്യക്തമായി കാണാം – തിന്മ ജയിക്കുന്നതായി സ്പഷ്ടമാകയും ചെയ്യുന്നു (2:10, 13). എങ്ങനെയായാലും, യേശു, വിശ്വസ്തരായി ജീവിക്കുന്നവർക്ക് മഹത്തായ വാഗ്ദാനങ്ങൾ നൽകുന്നുണ്ട് (2:7, 11, 17). അവൻ മടങ്ങിവന്ന് (3:3) ദുഷ്ടന്മാരെ ശിക്ഷിക്കുകയും (2:16), വിശ്വസ്തരായിരുന്നവർക്ക് പ്രതിഫലവും നൽകും (3:12)!

II. ഏഴ് മുദ്രകളോടുകൂടിയ പുസ്തകം (4–7). പുസ്തകത്തിലെ ശേഷിച്ച ഭാഗത്തിനുള്ള രംഗം ഒരുക്കുന്നതാണ് അദ്ധ്യായം 4 ലേയും 5 ലേയും സിംഹാസനം. റോമല്ല, ദൈവമാണ് നിയന്ത്രിക്കുന്നത്! മുദ്രകൾ തുറക്കുമ്പോൾ, ആദ്യത്തെ നാല് മുദ്രകൾ (നാല് സവാരിക്കാർ) നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം വെളിപ്പെടുത്തുന്നു (6:1–8). അഞ്ചാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ, നാം രക്തസാക്ഷികളെ കാണുന്നു, അവർ പ്രതികാരം ചെയ്യപ്പെടാത്തവരായിരുന്നു (6:9–11). തിന്മ ജയിക്കുന്നതായിട്ടാണ് അത് തോന്നിപ്പിക്കുന്നത്. പിന്നെ ഒരു മഹാവിപത്ത് സംഭവിക്കുന്നു (6:12–17) – എന്നാൽ ദൈവദാസന്മാരെ ഒരു മുദ്രയാൽ സംരക്ഷിച്ചിരിക്കുന്നു (7:1–8). ഒടുവിൽ, അവരെ സ്വർഗത്തിൽ കാണിക്കുന്ന (7:9–17). നന്മ ജയിച്ചു!

III. ഏഴ് കാഹളങ്ങളുടെ നാദം (8–11). ഭൂമിയിൽ സംഭവിപ്പാനിരിക്കുന്ന കുഴപ്പങ്ങളെ കുറിച്ചാണ് ആദ്യത്തെ ആറ് കാഹളങ്ങൾ പ്രഖ്യാപിച്ചത് (8:2–9:21). പിന്നെ, ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ ലോകത്തെ അനുവദിക്കുന്നു: വചനം, അതിൽ കയ്പും മധുരവുമുള്ള സന്ദേശം (10:1–11). ഈ ഭാഗത്തിന്റെ മുഖ്യ വിഷയം രണ്ടു സാക്ഷികളുടെ സംഭവമാണ് (11:1–13), അതിൽ (മുൻപ് പറഞ്ഞതുപോലെ) പോരാട്ടം കാണുന്നു, പരാജയം സ്പഷ്ടമാകുന്നുവെങ്കിലും, അവസാനം ജയമാണ്. ജയത്തോടുകൂടിയാണ് ഭാഗം അവസാനിപ്പിക്കുന്നത് (11:14–19).

IV. സഭയുടെ ശത്രുക്കളെ പരിചയപ്പെടുത്തുന്നു (12–14). ചുവന്ന മഹാസർപ്പത്തെയാണ് അദ്ധ്യായം 12 പരിചയപ്പെടുത്തുന്നത്, അതിനെ സാത്താൻ എന്നാണ് പറഞ്ഞത് (വാ. 9). സാത്താന് യേശുവിനെ നശിപ്പിക്കുവാൻ കഴിയാതിരുന്നതുകൊണ്ട്, അവൻ ദൈവജനത്തോട് യുദ്ധം ചെയ്യുവാൻ തുടങ്ങി (അതാണ് തിന്മയുടെ പോരാട്ടം; വാ. 17). അദ്ധ്യായം 13-ൽ സാത്താന്റെ രണ്ട് സഹപ്രവർത്തകരെ പരിചയപ്പെടുത്തുന്നു: സമുദ്രത്തിൽനിന്നുള്ള മൃഗവും (വാ. 1–10) ഭൂമിയിൽനിന്നുള്ള മൃഗവും (വാ. 11–18).[6] ആദ്യത്തെ മൃഗം വിശുദ്ധന്മാരോട് യുദ്ധം ചെയ്തു ജയിച്ചു (വാ. 7). “ഓവർകം” എന്ന വാക്ക് തർജിമ ചെയ്ത ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് “ടു ഹാവ് ദ വിക്ടറി” എന്നാണ്; ഇവിടെയാണ് നന്മയുടെ സ്പഷ്ടമായ പരാജയം കാണുന്നത്.

നമ്മിൽ നിരാശ വളരുന്നതിനുമുൻപ്, അദ്ധ്യായം 14 നമ്മെ പർവ്വതശിഖരത്തിൽ കൊണ്ടുപോയി നന്മ ജയിക്കുന്നതും തിന്മയെ ശിക്ഷിക്കുന്നതുമായ രംഗം ന മ്മെ കാണിക്കുന്നു!

V. ഏഴ് ക്രോധപാത്രം (15; 16). ആത്മിയ ശത്രുക്കളെ പ രിചയപ്പെടുത്തിക്കൊണ്ട്, വെളിപ്പാട് "ഏഴ്" ക്രോധപാത്രങ്ങളെ കാണിച്ച് പു രോഗതി തടയുന്നതിലേക്ക് മടങ്ങി വരുന്നു. അങ്ങനെ ഇത് സന്ദേശത്തിലെ മൂന്നാം ഭാഗത്തിലേക്ക് നേരിട്ടു കടക്കുന്നു: അവസാനം നീതി വിജയിക്കുകയും (15:2–4) ദുഷ്ടന്മാരെ ശിക്ഷിക്കുകയും ചെയ്യും (15:1, 5–8; 16:1–21). അത്യച്ചത്തിൽ പ്രഖ്യാപിക്കുന്നു, "സംഭവിച്ചു തീർന്നു" (16:17).

VI. സഭയുടെ മിക്ക ശത്രുക്കളും നശിക്കുന്നു (17–19). നാലാ മത്തെ ശത്രുവിനെ പരിചയപ്പെടുത്തി: മഹതിയാം ബാബിലോൺ (17:5).[7] "സാക്ഷികളുടേയും വിശുദ്ധന്മാരുടേയും രക്തം കുടിച്ച് വേശ്യ മദോന്മത്തയായിരിക്കുന്നു ..." (17:6; കൂടാതെ 18:24 നോക്കുക). പോരാട്ടം നടക്കുകയും, നന്മ പരാജയപ്പെടുകയും ചെയ്തു – എന്നാൽ സാത്താന്റെ മൂന്ന് സഹപ്രവർത്തകർ തുടരെത്തുടരെ വീഴുകയും, അവയെ വിപരീതമായി പ രിചയപ്പെടുത്തുകയും ചെയ്തു. ആദ്യം, ബാബേലിന്റെ നാശം വരച്ചുകാണിച്ചു (18:1–19:4). പിന്നെ, യേശു പ്രതികാരകനായ ന്യായാധിപനായി വന്ന്, രണ്ട് മൃഗങ്ങളേയും (മൃഗത്തെയും കള്ളപ്രവാചകനേയും) "ജീവനോടെ ഗന്ധകം കത്തുന്ന തീപൊയ്കയിലേക്ക് തള്ളിയിടും" (19:20).

VII. മഹാസർപ്പത്തിന്റെ നാശവും, പുതിയ ആകാശവും പുതിയ ഭൂമിയും (20–22). ആയിര – മാണ്ട് വാഴ്ച്ചയെ കുറിച്ച് പറയുക എന്നതല്ല അദ്ധ്യായം 20 ന്റെ ഉദ്ദേശം, പിന്നെയോ, മഹാസർപ്പത്തെ മറിച്ചിടുന്നതിനെ കുറിച്ചു പ റയുകയാണ്. പോരാട്ടവും, സ്പഷ്ടമായ പരാജയവും നാം കാണുന്നു. "യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരെ" യോഹന്നാൻ കാണുന്നു (വാ. 4). എങ്ങനെയായാലും, രംഗത്ത് വിജയവും ഉൾപ്പെട്ടിരിക്കുന്നു: "അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും" (വാ. 10). പിന്നെ, ന്യായവിധി ചിത്രത്തോടും (20:11–15), മഹത്തായ സ്വർഗീയ ദർശനത്തോടും കൂടിയാണ് വെളിപ്പാട് അവസാനിപ്പിക്കുന്നത് (21:1–22:15). *നന്മയുടെ ശക്തി ജയിച്ചു*!

## ഉപസംഹാരം

ഇതോടുകൂടി നമ്മുടെ പശ്ചാത്തല പഠനം പൂർണ്ണമാകുന്നു. ഇപ്പോൾ വെളിപ്പാട് പുസ്തകത്തെ കുറിച്ച് നിങ്ങൾ എന്തു വിചാരിക്കുന്നു? ''മനസിലാക്കുവാൻ *പ്രയാസമായിരിക്കാം*, പക്ഷെ *അസാധ്യ*മല്ല'' എന്നായിരിക്കാം നിങ്ങൾ ചിന്തിക്കുന്നത്. ലോകം ഇന്ന് "പ്രയാസത്തിന്റേയും അസാധ്യത്തിന്റേയും'' വ്യത്യാസത്തിനിടക്കാണ് – ''വാസ്തവത്തിൽ വേണമെന്നുണ്ടെങ്കിൽ എനിക്ക് അതു കഴിയും," എന്നതിന്റെയും "എന്തിന് ഞാൻ പരിശ്രമിക്ക പോലും ചെയ്യണം?" എന്നതിന്റെയും ഇടക്കാണ്!

വെളിപ്പാട് പുസ്തകം മനസിലാക്കണമെന്നും അതിലെ അനുഗ്രഹങ്ങൾ പ്രാപിക്കണമെന്നും നിങ്ങൾ *ആഗ്രഹിക്കു*മെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ജോണി രാംസെ വെളിപ്പാടിനെ കുറിച്ച് ഒരു ചുരുക്കം നൽകുവാൻ വെല്ലുവ ിളി ഏറ്റെടുത്തിട്ടുണ്ട്. അദ്ദേഹം പലപ്പോഴും പുസ്തകം വായിച്ച് പഠിച്ചിട്ടുണ്ട്;

അദ്ദേഹം അതു പഠിപ്പിക്കയും, അതിനെ കുറിച്ച് എഴുതുകയും ചെയ്തിട്ടുണ്ട്; പക്ഷെ അദ്ദേഹം വെളിപ്പാട് പുസ്തകത്തെ സമീപിച്ചത് ആദ്യമായിട്ടായിരുന്നു. പിന്നീട് അദ്ദേഹം പറഞ്ഞു, "ഏറ്റവും അത്ഭുതകരമായ പാഠം ഇതിൽനിന്ന് ഞാൻ പഠിച്ചത്, ദൈവം മനുഷ്യരുടെ കാര്യങ്ങളിൽ ഭരിക്കുമെന്നും എന്റെ അന്തിമസ്ഥാനം അവന്റെ കൈകളിലാണെന്നുമാണ്."[8]

വെളിപ്പാട് പുസ്തകത്തെ കുറിച്ചുള്ള വലിയ പാഠങ്ങൾ വരുവാനിരിക്കുന്നു. വേദഭാഗ പഠനത്തിനായി ഞാൻ കാത്തിരിക്കുന്നു. നിങ്ങളും കാത്തിരിക്കയായിരിക്കും എന്നു ഞാൻ പ്രതീക്ഷിക്കന്നു!

---

കുറിപ്പുകൾ

[1]"സ്പഷ്ടമായ നന്മയുടെ പരാജയത്തെ" "സ്പഷ്ടമായ തിന്മയുടെ ജയം" എന്നും പറയാം. [2]ആർ. സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ് ജോൺസ് റെവെലേഷൻ* (മിന്നെപ്പൊലിസ്, മിൻ.: ആഗ്സ്ബർഗ് പബ്ലിഷിങ്ങ് ഹൗസ്, 1963), 24. [3]ഫ്രാങ്ക് പാക്ക്, *റെവെലേഷൻ*, പാർട്ട്, (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965), 17. [4]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കൽ ബുക്ക് ഹൗസ്, 1954), 25. [5]നന്മയും തിന്മയും തമ്മിലുള്ള ഉപരിതല യുദ്ധമാണ് ആദ്യഭാഗം ശ്രദ്ധിച്ചിരിക്കുന്നതെന്നും (സഭയും ലോകവം തമ്മിൽ), എന്നാൽ രണ്ടാം ഭാഗം ശ്രദ്ധിച്ചിരിക്കുന്നത് ഉപരിതലത്തിനു താഴെയുള്ള യുദ്ധമാണെന്നും ചിലർ പറയുന്നു (ക്രിസ്തുവും സാത്താനും തമ്മിൽ). [6]സമുദ്രത്തിൽനിന്നുള്ള മൃഗത്തെ പിന്നീട് വെറും "മൃഗം" എന്നാണ് പറഞ്ഞിരിക്കുന്നത് (14:9), ഭൂമിയിൽനിന്നുള്ള മൃഗത്തെ കള്ളപ്രവാചകൻ എന്നും പറഞ്ഞിരിക്കുന്നു (16:13). ഇപ്പോൾ, അത് ക്രിസ്ത്യാനിത്വത്തിന് എതിരായുള്ള ശക്തി എന്നു മാത്രം ചിന്തിക്കുക. [7]അവിടെ ചെറിയ ചോദ്യം ഉണ്ടാകുമെന്ന് തോന്നുന്നു: അത് റോമാ നഗരമാണ് (17:9, 15, 18). [8]ജോണി രാംസേ, "ദ ബുക്ക് ഓഫ് റെവെലേഷൻ - ഒരു ചുരുക്കം," *സ്റ്റഡീസ് ഇൻ ദ റെവെലേഷൻ: ദ തേർഡ് ആന്വൽ ഡെൻടൺ ലെക്ച്ചേഴ്സ്* (1984), 37.

---

**ചർച്ചക്കുള്ള ചോദ്യങ്ങളും പുനരവലോകനവും**

1. വെളിപ്പാട് പുസ്തകത്തിന്റെ വിഷയം എന്ത്?
2. വെളിപ്പാട് പുസ്തകത്തിലെ മൂന്നുഭാഗമുള്ള സന്ദേശം എന്ത്?
3. പാഠമനുസരിച്ച്, മൂന്ന് - ഭാഗമുള്ള ഈ സന്ദേശം വെളിപ്പാടിൽ എത്ര പ്രാവശ്യമുണ്ട്?
4. നിങ്ങൾ തമാസിക്കുന്ന രാജ്യത്ത് ഇപ്പോഴും ഈ സന്ദേശം ആവശ്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?
5. പാഠത്തിൽ വെളിപ്പാടു പുസ്തകത്തിന്റെ ബാഹ്യരൂപരേഖ കൊടുത്തിട്ടുള്ളത് പകർത്തുക.
6. വെളിപ്പാട് പുസ്തകത്തിൽ ഇതുവരെയും പഠിച്ച പ്രധാന വസ്തുത എന്ത്?
7. ഇതിൽനിന്ന് നിങ്ങളെ വ്യക്തിപരമായി സഹായിക്കത്തക്കവണ്ണം പഠിച്ചത് എന്ത്?
8. വരുവാനിരിക്കുന്ന വേദഭാഗ പഠനത്തിൽനിന്നു എന്തു പഠിക്കാമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്?




**രണ്ടു സാക്ഷികൾ (11:3)**



“അവരുടെ ശവങ്ങൾ വീഥികളിൽ കിടക്കും ...” (11:8).



"അവർ മേഘത്തിൽ സ്വർഗത്തിലേക്ക് കയറി ..." (11:12)